7/4/22 12/04/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 16(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 475/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഏപ്രിൽ 7**

ശ്രീമതി തെരേസ ജോസഫ്,
വെട്ടിക്കാട്ട് പുത്തൻപുരയിൽ വീട്,
നാലുകോടി പി.ഒ.,
ചങ്ങനാശ്ശേരി. } അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
പി.എച്ച്. സബ് ഡിവിഷൻ,
കേരള വാട്ടർ അതോറിട്ടി, ചങ്ങനാശ്ശേരി - 686101

2) അപ്പീൽ അധികാരി & സുപ്രണ്ടിംഗ് എഞ്ചിനീയർ,
പി.എച്ച്. സർക്കിൾ,
കേരളാ വാട്ടർ അതോറിറ്റി,
തിരുവല്ല, പത്തനംതിട്ട. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 01/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 06/02/2021, 17/01/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 14/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | - |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 07/01/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 10/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 07/04/2022 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി:<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി തെരേസ ജോസഫ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട വിവരം സമയബന്ധിതമായി നൽകാത്തത് മൂലം ടിയാൾക്കുണ്ടായ 50,000/- രൂപയുടെ കഷ്ടനഷ്ടങ്ങൾ

എതിർകക്ഷികളിൽ നിന്നും ഈടാക്കി നൽകി എതിർകക്ഷികൾക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 01.02.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, ടിയാളുടെ ഭർത്താവ് ജോസഫ് തോമസ് എന്നവരുടെ പേരിൽ നൽകിയ വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങളാണ്:

i. Date of installation of water connection in the name of her husband late Joseph Thomas.
ii. Copy of the monthly/periodical bills showing the meter readings, units of usage consumption from the date of installation till date.
iii. If copies of monthly bills/periodical bills, are not ready, supply a statement of bills right from the date of original connection till date.
iv. Supply a statement of all bills remitted by her husband late Joseph Thomas from the date of connection till date.
v. Any other information relates to the subject which is at their records showing the credentials of their claim.

3. മേൽപ്പടി അപേക്ഷയ്ക്ക് 6.2.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരി ലഭ്യമാക്കിയ അപേക്ഷാ ഫീസായ 10/- രൂപയുടെ പോസ്റ്റൽ ഓർഡർ കേരള വാട്ടർ അതോറിറ്റിയിൽ സ്വീകാര്യമല്ലാത്തതിനാൽ വാട്ടർ അതോറിട്ടിയുടെ ഏതെങ്കിലും ഓഫീസിൽ 10/- രൂപ അടച്ച്. രസീത് ഹാജരാക്കുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കുന്നതാണെന്നാണ്. തുടർന്ന് സമയബന്ധിതമായി വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ല എന്നാരോപിച്ചുകൊണ്ട് ഹർജിക്കാരി 14.06.2021 –ന് പി.എച്ച് സർക്കിൾ തിരുവല്ല ഓഫീസിൽ നൽകേണ്ടിയിരുന്ന അപ്പീൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ & ഇറിഗേഷൻ വർക്സ് വകുപ്പ്, കോട്ടയം മുമ്പാകെ തെറ്റായി സമർപ്പിച്ചതായി കാണുന്നു.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരിയുടെ അപേക്ഷ 3.2.2021-ന് രജിസ്റ്റേർഡ് തപാലിൽ ടി ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്നും ആയതിന്, പോസ്റ്റൽ ഓർഡറിന് പകരം കേരള വാട്ടർ അതോറിട്ടിയുടെ ഏതെങ്കിലും ഓഫീസിൽ 10/- രൂപ അടച്ച് രസീത് ഹാജരാക്കുന്ന മുറയ്ക്ക് മറുപടി ലഭ്യമാക്കുന്നതാണെന്ന് 6.2.2021-ൽ ഹർജിക്കാരിയെ അറിയിച്ചിരുവെങ്കിലും ടിയാൾ അപ്രകാരം ഫീസ് ഒടുക്കിയിരുന്നില്ലെന്നും തുടർന്ന് കമ്മീഷനിൽ നിന്നും കത്ത് ലഭിച്ചതിനെ തുടർന്ന് 18.1.2022-ന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ടി ഓഫീസിന്റെ പരിധിയിൽ വരുന്ന പി.എച്ച്. സബ് ഡിവിഷൻ ചങ്ങനാശ്ശേരിയുടെ അപ്പീൽ അധികാരിയായ സുപ്രണ്ടിംഗ് എഞ്ചിനീയർ പി.എച്ച്. സർക്കിൾ തിരുവല്ല ഓഫീസിൽ അപേക്ഷ നൽകുന്നതിനു പകരം പരാതിക്കാരി പി.എച്ച് ഡിവിഷൻ കോട്ടയം ഓഫീസിലാണ് ഒന്നാം അപ്പീൽ അപേക്ഷ നൽകിയിട്ടുള്ളതെന്നും ആയതിനാൽ അപ്പീൽ അധികാരി മറുപടി നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടില്ലാത്തതിനാൽ 7.4.2022-ൽ നടക്കുന്ന ഹിയറിംഗിൽ നിന്നും അപ്പീലധികാരിയെ ഒഴിവാക്കണമെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി 1.2.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയോടൊപ്പം അപേക്ഷാഫീസായി സമർപ്പിച്ച പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ലാത്തതിനെ തുടർന്ന് കേരള വാട്ടർ അതോറിറ്റിയുടെ ഏതെങ്കിലും ഓഫീസിൽ അപേക്ഷാഫീസ് അടച്ച് രസീത് ഹാജരാക്കാൻ 6.2.2021-ന് അറിയിപ്പ് നൽകിയിരുന്നുവെങ്കിലും ആയത് പ്രകാരം ഹർജിക്കാരി ഫീസ് ഒടുക്കിയതായി കാണുന്നില്ല. കൂടാതെ ടിയാളുടെ അപേക്ഷയ്ക്ക് മറുപടി ലഭിച്ചിട്ടില്ല എന്നാരോപിച്ചുകൊണ്ട് പി.എച്ച്. സർക്കിൾ, തിരുവല്ല ഓഫീസിൽ നൽകേണ്ടിയിരുന്ന 14.6.2021-ലെ ഒന്നാം അപ്പീൽ തെറ്റായി പി.എച്ച്.ഡിവിഷൻ കോട്ടയം ഓഫീസിലാണ് സമർപ്പിച്ചിട്ടുള്ളതായി കാണുന്നത്. തുടർന്ന് മാസങ്ങൾ കഴിഞ്ഞ് 7.1.2022-നാണ് കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. വിവരാവകാശ നിയമം വകുപ്പ് (6) പ്രകാരം നിഷ്കർച്ചിരുന്ന അപേക്ഷാഫീസ് ഹർജിക്കാരി ഒടുക്കിയിട്ടില്ലാത്തതിനാൽ കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന അപ്പീൽ ഹർജിയിൽ ആവശ്യപ്പെട്ട, എതിർകക്ഷിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി നൽകണമെന്നും അവർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നുള്ള ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല. വിവരാവകാശ അപേക്ഷ/അപ്പീൽ അപേക്ഷ നൽകി മറുപടി ലഭിച്ചിട്ടില്ലായെങ്കിൽ 30 ദിവസങ്ങൾക്കുശേഷം തന്നെ ഹർജിക്കാരിക്ക് കമ്മീഷനെ സമീപിക്കാമായിരുന്നു. എന്നാൽ 14.6.2021-ന് ഒന്നാം അപ്പീൽ നൽകിയതിനുശേഷം 7.1.2022-നാണ് ഹർജിക്കാരി കമ്മീഷനെ സമീപിച്ചിരിക്കുന്നത്. മാത്രമല്ല കമ്മീഷനിൽ നിന്നും 20.1.2022-ന് ഹർജിക്കാരിയുടെ അപ്പീൽ അപേക്ഷയിന്മേൽ റിപ്പോർട്ട് തേടിയതിനെ തുടർന്ന് 17.1.2022-ന് ഹർജിക്കാരിക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതുമാണ്. കൂടാതെ വാട്ടർ ചാർജ്ജിലുണ്ടായെന്ന് പറയുന്ന വർദ്ധനവ് അദാലത്തിൽ പരിഗണിക്കുന്നതിനായി ശ്രമിച്ചെങ്കിലും, ആയതിന് കക്ഷി തയ്യാറായിട്ടില്ലെന്നും ഇതുമായി ബന്ധപ്പെട്ട് കൺസ്യൂമർ കോടതിയിൽ കേസ് നിലനിൽപ്പുണ്ടെന്നുമാണ് ഹിയറിംഗ് വേളയിൽ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളത്. ആയതിനാൽ 17.1.2022-ന് നൽകിയ മറുപടിയിൽ ഹർജിക്കാരിക്ക് ആക്ഷേപമുള്ളപക്ഷം വാട്ടർ

അതോറിറ്റിയുടെ തിരുവല്ല ഓഫീസിലെ അപ്പീൽ അധികാരിക്ക് അപ്പീൽ നൽകാവുന്നതും അപ്രകാരം അപ്പീൽ നൽകുന്ന പക്ഷം ആയത് അപ്പീൽ കാലാവധി കണക്കിലെടുക്കാതെ ആയത് രണ്ടാം എതിർകക്ഷി തീർപ്പാക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 7–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി